അന്ധ--ബധിര--മൂക വിദ്യാലയങ്ങളിലെ നിയമനങ്ങൾ

694 [1015] ശ്രീ. എ. എൻ. യൂസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധ-ബധിര-മൂക വിദ്യാലയങ്ങളിൽ അന്ധ-ബധിര-മൂക ഉദ്യോഗാർത്ഥികൾക്ക് 25 ശതമാനം തൊഴിൽ നൽകുവാൻ വേണ്ടി നിയമനം നടത്തുമ്പോൾ ഇവർക്കു പകരം പത്തോ ഇരുപതോ വർഷത്തെ പ്രായോഗിക പരിചയമുള്ള സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകൻമാരെ നോർമൽ സ്കൂളുകളിലേക്ക് സ്ഥലം മാറ്റം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള നിയമനം നടത്തുമ്പോൾ ഗുണത്തെക്കാളേറെ ദോഷമാണ് സംഭവിക്കുന്നത് എന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരും ഇരുപതോളം വർഷത്തെ പ്രായോഗിക പരിചയവുമുള്ള അദ്ധ്യാപകൻമാരെ നോർമൽ സ്കൂളുകളിൽനിന്നും വീണ്ടും ബധിര-മൂക വിദ്യാലയങ്ങളിലേക്ക് മാറ്റം അനുവദിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ടുന്ന നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പുതിയ തസ്തികകളും ഉണ്ടാകുമ്പോൾ ഇവർക്ക് മു�ൻഗണന നൽകുന്നതാണ്.

മേട്രന്റെ നിയമനം സംബന്ധിച്ച്

695 [1016] ശ്രീ. എ. എൻ. യൂസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം (പാലക്കാട് ജില്ല) ബധിര-മൂക വിദ്യാലയത്തിൽ ഒരു സ്ഥിരം മേട്രന്റെ തസ്തിക ഉണ്ടായിട്ടും ആ തസ്തികയിൽ പി. എസ്. സി. മുഖേന നിയമനം നടത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മേൽപ്പടി തസ്തികയിൽ സ്ഥിരം മേട്രന്റെ തസ്തികയിൽ ആളെ എന്നു നിയമിക്കുമെന്നു വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം ബധിര-മൂക വിദ്യാലയത്തിൽനിന്നും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര ബധിര-മൂക വിദ്യാർത്ഥികളെ സ്കൂളിൽനിന്നും പിരിച്ചയച്ചുവിട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) മേൽപ്പടി സ്ഥാപനത്തിലെ കുട്ടികളെ പിരിച്ചു വിടുവാൻ ഇടയാക്കിയ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേൽപ്പടി സ്ഥാപനത്തിലെ ഹെഡ്മിസ്ട്രസ്സിന്റെഭരണ പരമായ കഴിവില്ലായ്മകൊണ്ട് ടി സ്ഥാപനം നശിച്ചു പോകുന്നതിനെ പ്പറ്റി അന്വേഷിച്ച് വേണ്ട നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മേട്രന്റെ തസ്തികയിലേക്ക് പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിലേക്ക് നടപടികളും എടുത്തു വരികയാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഈ കാര്യം അന്വേഷിക്കുന്നതാണ്.

പ്രൈവറ്റ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് കോഴ വാങ്ങുന്നതായുള്ള പരാതി

696 [1017] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റു മാനേജ്മെന്റിലുള്ള കോളേജുകളിൽ ഇപ്പോഴും അദ്ധ്യാപക നിയമനങ്ങൾക്ക് കോഴ വാങ്ങുന്നതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) കൊല്ലം എസ്. എൻ. കോളേജ് മാനേജ്മെന്റ് ബിരുദാനന്തര ബിരുദം നേടിയ ഒരു വനിതയെ 25,000 രൂപ കോഴ വാങ്ങി നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ സ്റ്റാഫ് നിയമനത്തിൽ കോഴ വാങ്ങിയതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

ചങ്ങമ്പുഴയുടെ മാതാവിന് പെൻഷൻ

697 [1018] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മാതാവിന് പെൻഷൻ തുക അനുവദിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേര് തെറ്റായി എഴുതിയതുകൊണ്ട് അനുവദിച്ച പെൻഷൻ തുക കൈപ്പറ്റാൻ കഴിയാതെ ഇവർ മരിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനു കാരണക്കാരായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കാമോ;

(ഡി) ചങ്ങമ്പുഴയുടെ വിധവയ്ക്ക് ഇനിയും പെൻഷൻ അനുവദിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ തുക ഏറ്റവും വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly